LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം FRRO-യുടെ നിർദ്ദേശപ്രകാരം നടത്തിയ പരിശോധനയിൽ നിർദ്ദേശിച്ച പ്രകാരം, ഒരു കൗണ്ടർ തുടങ്ങുന്നതിനുള്ള സൗകര്യം കൊല്ലം തുറമുഖത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് ഓഫീസിന്റെ മുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എമിഗ്രേഷന്റെ ആറ് കൗണ്ടറുകൾക്കായുള്ള ഗേറ്റ് ഹൗസിന്റെ നിർമ്മാണം ഏകദേശം 75% പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് ഐ.എസ്.പി.എസ് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു. നിർദ്ദിഷ്ട എമിഗ്രേഷൻ ചെക്ക്പോസ്റ്റിന്റെ എമിഗ്രേഷൻ പ്രവർത്തനം ഏറ്റെടുക്കുന്നതിനും Man power ലഭ്യമാക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും ഉദ്യോഗസ്ഥരെ നൽകാനും സംസ്ഥാന ആഭ്യന്തര വകുപ്പ്, കേന്ദ്ര മന്ത്രാലയത്തെ സമ്മതം അറിയിച്ചിട്ടുണ്ട്.

ചരക്ക് ഇടനാഴി പദ്ധതി

370(4380) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്തുനിന്ന് ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേക്കുള്ള ചരക്ക് നീക്കവും തുടർന്ന് കൊല്ലത്തേയ്ക്കുള്ള സേവനം നീട്ടലും ഉൾപ്പെട്ട പദ്ധതി പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുന:രാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 3-7-2021 മുതൽ സർവ്വീസുകൾ നടത്തിവരുന്നു. തീരദേശ കപ്പൽ ഗതാഗതം കൊച്ചിയിൽ നിന്ന് കൊല്ലത്തേക്ക് നീട്ടുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ചരക്ക് ഇടനാഴി പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തുവോ; എങ്കിൽ അതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടവും കേന്ദ്ര സർക്കാർ സഹായങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ചരക്ക് ഇടനാഴി പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തത് സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പുകൾ ലഭ്യമായിട്ടില്ല.

(സി) ഇതുവഴി ബേപ്പൂർ, അഴീക്കൽ, കൊച്ചി, കൊല്ലം തുറമുഖങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്ന തൊഴിലുറപ്പും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തീരദേശ കപ്പൽ ഗതാഗതം വഴി ചരക്ക് കൈകാര്യം ചെയ്യുമ്പോൾ തുറമുഖത്തിന്റെ വരുമാനം വർദ്ധിക്കും. മാത്രമല്ല നിലവിൽ റോഡ് വഴി കൈകാര്യം ചെയ്യ കൊണ്ടിരിക്കുന്ന ചരക്കുകൾ റോഡിൽ നിന്നുമാറി തീരദേശ കപ്പൽ ഗതാഗതം വഴിയാകുമ്പോൾ റോഡിലെ തിരക്കും അപകടങ്ങളും ഗണ്യമായി കുറയും. തീരദേശകപ്പൽ ഗതാഗതം വഴി ചരക്കുകൾ കൈകാര്യം ചെയ്യുമ്പോൾ പരിസ്ഥിതി മലിനീകരണം വളരെ കുറവായിരിക്കും. തീരദേശ കപ്പൽ ഗതാഗതത്തിന്റെ ഭാഗമായി കണ്ടെയ്നർ ചരക്കുകൾ എത്തുന്നതുമൂലം പ്രസ്തുത തുറമുഖങ്ങളിൽ തൊഴിലവസരങ്ങൾ വർദ്ധിക്കും.

അഴീക്കലിൽ ആധുനിക മണൽ പ്ലാന്റ്

371(4381) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖ പരിധിയിൽ ആധുനിക മണൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള മാരിടൈം ബോർഡിന്റെയോ തുറമുഖ വകുപ്പിന്റെയോ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇവ സ്ഥാപിക്കുന്നതിന് പ്രാരംഭ ഘട്ടത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) അഴീക്കലിൽ, പൊന്നാനിയിലെ മണൽ ശുദ്ധീകരണ ശാലയുടെ മാതൃകയിലുള്ള ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് അഴീക്കൽ തുറമുഖത്ത് പി.പി.പി. വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സുതാര്യമായ ടെണ്ടർ പ്രക്രിയയിലൂടെ മികച്ച ഒരു ഏജൻസിയെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് കേരള മാരിടൈം ബോർഡിനെ ചുമതല പ്പെടുത്തിയിട്ടുള്ളത്. ഇതിനായി DPR, Tender document, Transactory advisery എന്നിവയ്ക്കായി 26,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഏജൻസിയെ കണ്ടെത്തുന്നതിനായി മാരിടൈം ബോർഡ് RFP ക്ഷണിച്ചിട്ടുണ്ട്.

(സി) മണൽ പ്ലാന്റ് അഴീക്കൽ തുറമുഖത്ത് സ്ഥാപിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

മണൽ ശുദ്ധീകരിക്കുന്നതിന് കടവുകൾക്ക് സമീപം പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കേരളാ മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ മാരിടൈം ബോർഡ് തുടർനടപടി സ്വീകരിച്ചുവരുന്നു.